"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 2.4- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1402/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/05/2013

പരാമർശം:- 1) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 25/10/2012-ലെ കത്ത്.

2) 17/04/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.പിറ്റി3/24967/12 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.4 പ്രകാരം ബസ് സ്റ്റാന്റ് ലേലം ചെയ്ത് നൽകിയതിൽ 30,000/- രൂപ പഞ്ചായത്ത് ഇളവ് അനുവദിച്ച് നൽകിയത് ഗവണ്മെന്റിൽ നിന്നും അനുമതി തേടാതെയായതിനാൽ ഓഡിറ്റ് നിരാകരിച്ചിരുന്നു.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ ബസ് സ്റ്റാന്റിലെ ലേല കാലയളവിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി ടൗണിലെ റോഡുകൾ കീറി പൈപ്പ് ഇടുന്നതിന്റെ ഭാഗമായും, ബാലുശ്ശേരി മുക്കിലെ പഴയപാലം പൊളിച്ചുമാറ്റി പുതുക്കിപ്പണിയുന്ന പ്രവൃത്തിയുടെ ഭാഗമായി 19/09/2008 മുതൽ 22/12/2008 വരെ ബസ്സുകൾ സ്റ്റാന്റിൽ കയറാതെ പോയതിനാൽ ലേലം കൊണ്ട ആൾക്ക് ഫീസ് ലഭിച്ചിട്ടില്ല എന്ന് ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ടെന്നും ലേലക്കാരന്റെ അപേക്ഷയിൻമേൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അന്വേഷണം നടത്തുകയും ഭാഗികമായി ബസ് സ്റ്റാന്റിൽ ബസ്സുകൾ കയറിയിട്ടുണ്ടെന്ന നിഗമനത്തിൽ കേവലം 33,082/- രൂപ ഇളവു നൽകാനുള്ള ശുപാർശ ഭരണസമിതിയിൽ ചർച്ച ചെയ്ത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി 3,082/- രൂപ കുറച്ച് 30,000/- രൂപ ഇളവ് അനുവദിക്കുകയാണ് ഉണ്ടായതെന്നും ആയതിനാൽ 30,000/- രൂപ ഇളവ് അനുവദിച്ച നടപടിയ്ക്ക് സാധൂകരണം ലഭിയ്ക്കുന്നതിന് അപേക്ഷിച്ചുകൊണ്ടുള്ള 01/08/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 404(1) /12-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സർക്കാരിൽ

സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.4-ൽ പരാമർശിക്കപ്പെട്ട 'ബസ് സ്റ്റാന്റ് ലേലം - സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ 10,000/- രൂപയ്ക്ക് മേൽ കിഴിവ് അനുവദിച്ചത്' എന്ന വിഷയത്തിന്മേലുള്ള പഞ്ചായത്തിന്റെ വിശദീകരണം പരിഗണനാർഹമാണെന്നും പ്രസ്തുത കിഴിവ് അനുവദിച്ച പഞ്ചായത്ത് നടപടി സാധൂകരിക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.4-ൽ തടസ്സപ്പെടുത്തിയ 30,000/- (മുപ്പതിനായിരം രൂപ മാത്രം) ഇളവ് അനുവദിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡണ്ട്, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് , കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ